# <u>കിനാവ്</u>

പേറ്റു നോവിന്റെ ഉല്പത്തിയിൽ

പിറന്നുവീണ സന്ധ്യയുടെ പൊക്കിൾ കൊടിയിൽ

നിലവിളിച്ച അസ്തമയസൂര്യ രക്തം

നിലച്ചുപോയ മനുഷ്യന്റെ ഉണർവുകളിൽ

കിനാവുകളുടെ ചിത്രം വരപ്പിച്ചു

അടർന്നുമാറിയ  വാക്കുകൾ ശൂന്യതയുടെ

വരമ്പുകളെ പൂരിപ്പിച്ചപ്പോൾ

പറന്നിറങ്ങുന്ന ആലിപ്പഴങ്ങളുടെ യൗവ്വനം പോലെ

ക്ഷണീകമായ മാംസബന്ധനത്തിന്റെ സൂക്ഷ്മ സിരകളിലേക്ക്

വാക്കുകൾ കയറി ചെന്നു

അരഞ്ഞാണം പോലെ കിലുങ്ങുന്ന

അമ്മൂമ്മ പല്ലുകളിലേക്ക്

വാക്കുകളുടെ കറകൾ കൂടു കെട്ടിയപ്പോൾ

ഈശ്വരനും നിധി കാക്കുന്ന ഭൂതവും

ഭക്ഷണത്തിനായി നിലവിളിച്ചു

തുടച്ചുമാറ്റാനാകാത്ത പൊള്ളലുകൾ

വിളമ്പുകളിൽ പ്രത്യക്ഷപ്പെടുമ്പോഴാണ്

കഥകൾ സംസാരിച്ചു തുടങ്ങുന്നത്.

പിടഞ്ഞുവീഴുന്ന പല്ലിവാലുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന

വ്യഥാചലനങ്ങൾ പോലെ

കഥകൾക്കുള്ളിലെ ചുമരിലുരുകുന്ന നേരിപ്പോടുകളിൽ

സ്വയമെരിയുന്ന മനുഷ്യൻ നിലവിളിക്കുന്നു

ഊർന്നിറങ്ങിയ തീനോവിന്റെ ഉരസലിൽ

ഉരുകിയിറങ്ങിയ ശബ്ദങ്ങൾ

ഇണകളെ തേടിയലഞ്ഞപ്പോൾ

അസ്തമയം കണ്ട ആകാശത്തിന്റെ കോണിൽ

യുഗന്തരങ്ങളുടെ സാമാന്തരശ്രേണികൾ

മനുഷ്യന്മാരെ മുലയൂട്ടുന്ന തിരക്കിലായിരുന്നു.

**ബിബിൻ ഡി.എസ്**